നം.കെ.എസ്.എ-കെ.ടി.എം.പി.11/319/2019 തീയതി : 17.04.2019

# കോട്ടയം ജില്ലയിലെ കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13.09.2017 മുതൽ 28.03.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. '15' ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ '04' എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 28.03.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.03.2019 മുതൽ 28.03.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ഷാന്റി ജോർജ്ജ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാജേഷ് എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ബാബുരാജ് കെ.ബി. | ഓഡിറ്റർ (ഹ.ഗ്രേ) (27.03.2019 മുതൽ) |
| | ശ്രീ.ഉണ്ണികൃഷ്ണൻ എം. | ഓഡിറ്റർ |

(ബി) നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ബിന്ദു രവീന്ദ്രൻ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.നാസർ സി.എസ്. | 01.04.2017 മുതൽ 31.03.2018 വരെ |

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.എബ്രഹാം സ്കറിയ | 01.04.2017 മുതൽ 14.11.2017 വരെ |
| | ശ്രീമതി നെസ്സിയ സത്താർ | 15.11.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. റോസ്മി കെ. ബേബി | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.പ്രസൂൺ മാത്യു | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സതീഷ് കുമാർ പി.എസ്. | 01.04.2017 മുതൽ 27.11.2017 വരെ |
| | ശ്രീ.ജോൺസൺ ജോർജ്ജ് കെ. | 28.11.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ഗീതാമോൾ സി. | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ (LSGD) | ശ്രീമതി അന്നമ്മ ജോൺ | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി സൂസൻ ജോസഫ് | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി സോഫിയ മാത്യു | 01.04.2017 മുതൽ 31.03.2018 വരെ |

(ഡി) ഉള്ളടക്കം


| ഖണ്ഡിക-നം. | വിഷയം |
|---|---|
| ഭാഗം 1 -- പൊതു അവലോകനം | |
| 1-1 | ബജറ്റ് - വിശകലനം |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം |
| 1-8 | സാമൂഹ്യക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളുടെ അവലോകനം |
| 1-13 | ഓഡിറ്റ് ഇംപാക്ട് |
| ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1-1 | വസ്തു നികുതി ഈടാക്കിയില്ല |
| 2-1-2 | മൊബൈൽ കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല |
| 2-2 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല |
| 2-3 | ഡി & ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല |
| 2-4 | ഡി & ഒ ട്രേഡ് ലൈസൻസ് - വസ്തു നികുതി നിർണ്ണയം - അപാകത |
| ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | നിയമവും, ചട്ടവും ലംഘിച്ച് പഞ്ചായത്തിന്റെ കെട്ടിട നിർമ്മാണം |
| 3-2 | കുട്ടിക്കൽ-ചപ്പാത്ത് എസ്.സി കോളനി വാട്ടർ സപ്ലൈ സ്കീം-അധികനിരക്ക് നൽകി-7,408 രൂപയുടെ ചെലവ് നിരാകരിക്കുന്നു |
| 3-3 | ഇ-ടെണ്ടർ ഫാറവില പഞ്ചായത്തിന് ലഭിക്കുന്നില്ല |
| 3-4 | യഥാസമയം കരാർ വയ്ക്കാത്ത കരാറുകാർക്കെതിരെ നടപടി സ്വീകരിക്കുന്നില്ല |
| 3-5 | പാർട്ട്ബിൽ നല്കുമ്പോൾ റീടെൻഷൻ തുക പിൻവലിക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം |
| 3-6 | വനിതകൾക്ക് ആട് വിതരണം-ഗുണഭോക്താവ് ആവശ്യപ്പെട്ടതിലും അധിക തുക നൽകി |
| ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |

| | |
|---|---|
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹ്യത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ് - വിശകലനം

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 31.03.2017 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും ധനകാര്യ പത്രിക റെസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 27,76,362 | 1,06,67,471 | 78,91,109 | - |
| വരവ് | 5,79,76,319 | 6,38,13,176 | 58,36,857 | - |
| ആകെ | 6,07,52,681 | 7,44,80,647 | 1,37,27,966 | - |
| ചെലവ് | 5,71,85,765 | 6,68,57,048 | 96,71,283 | - |
| നീക്കിയിരിപ്പ് | 35,66,916 | 76,23,599 | 40,56,683 | - |

2017-18 വർഷം 5.79 കോടി രൂപയുടെ പ്രതീക്ഷിത വരുമാനവും 5.71 കോടി പ്രതീക്ഷിത ചെലവും കണക്കാക്കിയാണ് ബജറ്റ് തയ്യാറാക്കിയത്. 2017-18 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 9.54 കോടി രൂപയും ചെലവ് 9.48 കോടി രൂപയുമാണ്. ബജറ്റിൽ കണക്കാക്കിയ പ്രതീക്ഷിത വരവുചെലവ് തുകകൾ യഥാർത്ഥ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ കോടികളുടെ അന്തരമുള്ളതായി വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കി തുടർവർഷത്തെ പ്രതീക്ഷിത വരവുചെലവ് കണക്കുകൾ, യാഥാർഥ്യബോധത്തോടെ കൃത്യമായി തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്ത് സെക്രട്ടറിയുടെ 07.06.2018 ലെ K1/1680/18 നം. കത്ത് പ്രകാരം, 14.06.2018 തീയതിയിൽ വാർഷിക ധനകാര്യ പത്രിക തപാലിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 20.06.2018, 21.06.2018 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 28.06.2018-ലെ കെ.എസ്.എ-കെ.ടി.എം.പി11/1188/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയിലെ റെസീപ്റ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,06,67,471/- |
| വരവ് | 6,38,13,176/- |
| ആകെ | 7,44,80,647/- |
| ചെലവ് | 6,68,57,048/- |
| നീക്കിയിരിപ്പ് | 76,23,599/- |

## 1-5 ഫണ്ട് വിനിയോഗം

കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 97,84,000/- | 97,84,000/- | 91,97,071/- | 5,86,929/- | 94 |
| വികസനഫണ്ട് എസ്.സി.പി. | 0 | 41,62,456/- | 41,62,456/- | 40,00,842/- | 1,61,614/- | 96.12 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 8,62,650/- | 8,62,650/- | 8,50,264/- | 12,386/- | 98.56 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 33,48,000/- | 33,48,000/- | 26,83,411/- | 6,64,589/- | 80.14 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 25,91,000/- | 25,91,000/- | 25,77,867/- | 13,133/- | 99.49 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 45,95,092/- | 45,95,092/- | 45,81,217/- | 13,875/- | 99.69 |
| പെർഫോമൻസ് ഗ്രാന്റ് | | 18,46,677/- | 18,46,677/- | 18,45,666/- | 11,805 | 99.94 |
| തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.എസ്.) | 14,998/- | 1,47,79,380/- | 1,47,94,378/- | 1,47,82,367/- | 12,011 | 99.91 |
| ഐ.സി.ഡി.എസ്. (ICDS)കേന്ദ്രവിഹിതം | 4,50,493 | 8,84,493 | 13,34,986 | 7,63,973 | 5,71,013 | 57.22 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ് എന്നീ ഇനങ്ങളുടെ സഞ്ചിത നിധിയിൽ ലഭ്യമായ അലോട്ട്മെന്റും ACR പ്രകാരമുള്ള ചെലവ് ശതമാനവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ലഭിച്ച ജനറൽ പർപ്പസ് ഫണ്ട് 52,94,000/- ലക്ഷം രൂപയാണ്. ടി തുകയുടെ വിനിമയം ട്രഷറി ടി.എസ്.ബി. അക്കൗണ്ടിലൂടെയാണ് നടത്തുന്നത്.

## 1-6 പദ്ധതി അവലോകനം

ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 31.03.2018 ലെ ഉത്തരവ് നം.490/17/DPC/DPO/KTM പ്രകാരം(ഫൈനൽ) അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 03.04.2017 മുതൽ 09.04.17 വരെ |
| ഭിന്നശേഷി ഗ്രാമസഭ | 28.01.2017 |
| വികസനസെമിനാർ | 02.05.2017 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 4,60,51,229/- രൂപയും ആകെ ചെലവ് 2,92,40,627/- രൂപയുമാണ്. അംഗീകാരം ലഭിച്ച 192 പ്രോജക്ടുകളിൽ 158 എണ്ണം നടപ്പാക്കിയതിലൂടെ അടങ്കലിന്റെ 63.49% ചെലവ് ചെയ്തിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പൊതു നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

- പഞ്ചായത്തിന്റെ പദ്ധതിച്ചെലവ് 63.49% ആയിരിക്കെ അസിസ്റ്റന്റ് സെക്രട്ടറി ചുമതലപ്പെടുത്തിയ 17 പ്രോജക്ടുകളും ഏറ്റെടുത്ത് നിർവ്വഹണം നടത്തുകയും അടങ്കലിന്റെ 97.40% ചെലവഴിക്കുകയും ചെയ്തത് മാതൃകാപരമാണ്.
- രാസവള വിതരണം,കാർഷിക ഉൽപ്പന്നങ്ങൾക്ക് ഇൻസന്റീവ് തുടങ്ങിയ പ്രോജക്ടുകൾ നിർവ്വഹിക്കാതിരുന്നത് കൃഷി മേഖലക്ക് തിരിച്ചടിയാണ്.
- ഉറവിട മാലിന്യസംസ്കരണത്തിനായി 4 പ്രോജക്ടുകൾ ആവിഷ്കരിച്ചെങ്കിലും ഒരു സ്പിൽ ഓവർ പ്രോജക്ട് മാത്രമാണ് നടപ്പാക്കിയത്. 2,72,000 രൂപ വകയിരുത്തിയിരുന്ന മൂന്ന് പ്രോജക്ടുകൾ നടപ്പാക്കിയില്ല.
- അസിസ്റ്റന്റ് എഞ്ചിനീയർ പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങളും നദീതീര സംരക്ഷണ നിയമവും ലംഘിച്ച് കെട്ടിട നിർമ്മാണം ഏറ്റെടുത്തു(ഖ. 3-1) കാണുക.
- സെക്രട്ടറി നിർവ്വഹണം നടത്തിയ ജലനിധിക്ക് ഫണ്ട് നല്കൽ എന്ന പ്രോജക്ടിന് മറ്റ് സ്ഥാപനങ്ങളിൽ നിന്ന് 45,00,000/- രൂപ അടങ്കൽ വകയിരുത്തിയെങ്കിലും തുക ലഭിക്കാത്തത് ചെലവ് ശതമാനം കുറയാൻ കാരണമായി.
- പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിയ്ക്കേണ്ടതാണെങ്കിലും മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകുന്നില്ല.

<u>വി.ഇ.ഒ. നിർവ്വഹണം നടത്തിയ പദ്ധതികൾ-- പൊതു അപാകതകൾ</u>

2017-18 വർഷം വി.ഇ.ഒ. നിർവ്വഹണം നടത്തിയ പ്രോജക്ട് ഫയലുകൾ പരിശോധനയിൽ ശ്രദ്ധയിൽപെട്ട പൊതു അപാകതകൾ ചുവടെ ചേർക്കുന്നു.

- വ്യക്തിഗതപ്രോജക്ടുകൾ പരിശോധിച്ചതിൽ മിക്ക ഫയലുകളും അവശ്യമായ രേഖകൾ ഉൾപ്പെടുത്തി സമഗ്രമാക്കിയിട്ടില്ല എന്ന് കാണുന്നു. ഉദാഹരണത്തിന് പി.കെ.മണി എന്ന ആൾക്ക് പഠനമുറി നിർമ്മാണത്തിന് തുക നല്കിയ ഫയലിൽ നിലവിലുള്ള കെട്ടിടത്തിന്റെ വിവരം, നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് എന്നിവ ഇല്ല, ഷാജൻ എന്ന ഗുണഭോക്താവിന്റെ ഫയലിൽ വാല്യുവേഷൻ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സൂക്ഷിച്ചിട്ടില്ല.
- വ്യക്തിഗത പ്രോജക്ടുകളിൽ ആദ്യ ഗഡു നല്കിയ ഗുണഭോക്താക്കളുടെ വിവരം രജിസ്റ്ററിൽ ചേർത്ത് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുടർ വർഷങ്ങളിൽ മോണിറ്ററിംഗ് അസാദ്ധ്യമാകുന്നു. ഉദാഹരണത്തിന് 2017-18 വർഷം വീട് മെയിന്റനൻസിന് ആദ്യതവണ 50,000/- രൂപ കൈപ്പറ്റിയ ബാബു പ്ലാത്തോട്ടം എന്നയാൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ 2018-19 വർഷം തുടർ നടപടികൾ ഉണ്ടായിട്ടില്ല
- പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണത്തിന് ലൈഫ് മിഷൻ പദ്ധതി പ്രകാരം 5 ഗുണഭോക്താക്കൾക്ക് 2.8 ലക്ഷം രൂപ വീതം ബ്ലോക്ക് വിഹിതം ഉപയോഗിച്ച് നല്കിയിട്ടുണ്ട്. ഇതിനുള്ള തുക ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ച് ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നല്കുന്നതിന് പകരം മുണ്ടക്കയം സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ടിൽ നിക്ഷപിച്ച് ചെക്ക് മുഖാന്തിരം വിതരണം ചെയ്തത് നിയമാനുസൃതമല്ല.

## 1-7 <u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം</u>

കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയുടെ 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ലേബർ ബജറ്റ് പ്രകാരം ആകെ 177 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 115

പ്രോജക്ടുകളിൽ 78 പ്രോജക്ടുകൾ തൻവർഷം പൂർത്തിയാക്കി. സാങ്കേതിക അനുമതി ലഭിച്ച പ്രോജക്ടുകളിൽ 46% പ്രോജക്ടുകൾ തൻവർഷം പൂർത്തിയാക്കിയിട്ടുണ്ട്. 2017-18 വർഷം 13 ഗ്രാമസഭകളും സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 52477 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1123 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 166 അയൽക്കൂട്ടങ്ങളിൽ മുഴുവൻ അയൽക്കൂട്ടങ്ങളും തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. 47 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, മൺറോഡ് നിർമ്മാണം മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രവർത്തികൾ. 2017-18 വർഷത്തെ വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 14,998 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 1,37,08,710 | 1,42,59,615 |
| | ക്യാഷ് വരവ് (പലിശ ഉൾപ്പെടെ) | 5,50,905 | |
| ചെലവ് | തൊഴിലാളികളുടെ വേതനം | 1,37,08,710 | 1,42,62,602 |
| | ഉപകരണങ്ങളുടെ വില, വാടക | | |
| | വിദഗ്ദ തൊഴിലാളികളുടെ വേതനം | | |
| | ഭരണ ചെലവുകൾ(ബാങ്ക് ചാർജ് ഉൾപ്പടെ) | 5,53,892 | |
| നീക്കിയിരിപ്പ് | | | 12,011 |

തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകളുമായുള്ള വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

2017-18 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക(രൂപ) |
|---|---|---|
| തൊഴിൽരഹിത വേതനം | 46 | 27,600/- |
| കർഷകതൊഴിലാളി പെൻഷൻ | 1419 | 15,18,830/- |
| വിധവാപെൻഷൻ | 172 | 29,90,015/- |
| വാർദ്ധക്യകാലപെൻഷൻ | 342 | 1,40,10,775/- |
| വികലാംഗപെൻഷൻ | 149 | 12,79,090/- |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 04 | 2,07,165/- |

## 1-9 ക്യാഷ് പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.03.2019 തീയതിയിൽ 03:14 PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെയും ഫ്രണ്ട് ഓഫീസ് കാഷ്യറുടെയും സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 20,333/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലിവിഭജനം നടത്തുകയും മേൽനോട്ടച്ചുമതല നിർവ്വഹിക്കുകയും ചെയ്യുന്നുണ്ട്. വൗച്ചറുകളും അനുബന്ധരജിസ്റ്ററുകളും രേഖകളും സാമാന്യം നന്നായി സൂക്ഷിച്ചിട്ടുണ്ട്. ഹാർഡ്‌വെയർ സ്റ്റോക്ക് രജിസ്റ്റർ കമ്പ്യൂട്ടറുകളുടെ വാറന്റി, AMC വിവരങ്ങൾ, പ്രവർത്തനക്ഷമത എന്നിവ

കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്റർ പ്രകാരം നിലവിൽ 11 കമ്പ്യൂട്ടറുകൾ പ്രവർത്തനക്ഷമമാണ്. ISO നിലവാരത്തിലെത്തിയ സ്ഥാപനം എന്ന നിലയിലുള്ള ഭൗതികസൗകര്യങ്ങൾ സ്ഥാപനത്തിൽ പരിമിതമാണ്. പഞ്ചായത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യത്തിൽ ഭരണസമിതി അധികശ്രദ്ധ പുലർത്തേണ്ടതാണെന്നഭിപ്രായപ്പെടുന്നു. മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണം നിലനിൽക്കുന്നുവെങ്കിലും ക്വട്ടേഷൻ, ടെണ്ടർ നടപടികളിൽ സുതാര്യത ദൃശ്യമാകുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.10.2018, 25.10.2018 | 09/2018 | K7-372 /19 11.02.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.05.2018 മുതൽ 04.06.2018 വരെ | 2013-14 മുതൽ 2017-18 വരെ | LBA(Hq)II/I/8A-51/2018-19/71 05.07.2018 |

## 1-12 വാർഷിക കണക്കുകളുടെ അവലോകനം

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്തിന്റെ ജനറൽ ഫണ്ടിന്റെ(സാംഖ്യ കണക്ക് ശീർഷകം-310100101) കൃത്യത നിർണ്ണയിക്കുന്നതിന് പര്യാപ്തമായ രേഖകൾ ലഭ്യമല്ല. ആയതിനാൽ 31.03.2018-ബാലൻസ് ഷീറ്റ് പ്രകാരമുള്ള ജനറൽ ഫണ്ടിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല.

3) പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യത്തിന്റെ (Land) അക്കൗണ്ടിങ്ങ് 31.03.2018 വരെ ആരംഭിച്ചിട്ടില്ല.

4) മുണ്ടക്കയം സർവ്വീസ് സഹകരണ ബാങ്ക് കൂട്ടിക്കൽ ശാഖയിലുള്ള നം.2660 പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിന്റെ(സാംഖ്യ കണക്ക് ശീർഷകം-450230101) മാർച്ച്-2018 റീക്കൺസിലേഷൻ പത്രിക പ്രകാരമുള്ള ഇഷ്യൂ ചെയ്ത ശേഷം കാലാവധിക്കുള്ളിൽ പണമാക്കാത്ത 3 ചെക്കുകളുടെ മൂല്യം 350800101-Liability in respect of stale chequeശീർഷകത്തിലേക്ക് ബാധ്യതയായി അക്കൗണ്ട് ചെയ്തിട്ടില്ല.

| ചെക്ക് നം./തീയതി | തുക |
|---|---|
| 7534/20.11.2017 | 3,000/- |
| 7420/05.08.2017 | 2000/- |
| 7349/20.04.2017 | 1,000/- |

5) 23.01.2017 ലെ ജി.ഒ(പി)നം.7/2017/ധന ഉത്തരവിൽ സംയുക്ത പ്രോജക്ടിന് ലഭിച്ച ഫണ്ടിന്റെ വിനിയോഗം ട്രഷറി അക്കൗണ്ടിലൂടെ നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 31.03.2018-ലെ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടിനായി ലഭിച്ച 320700104 ശീർഷകത്തിലുള്ള നീക്കിയിരിപ്പ് 52,935/- രൂപ തനത് ഫണ്ടിൽ നിന്നും പ്രത്യേക ട്രഷറി അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല.

6) 31.03.2018-ലെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ 350410101 ശീർഷകത്തിൽ മുൻകൂർ വസ്തുനികുതി ലഭിച്ചത് 60,480/- രൂപയാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ പ്രസ്തുത തീയതിയിലെ കളക്ഷൻ റിപ്പോർട്ട് പ്രകാരമുള്ള തുക 61,155/- ആണ്. 675/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

7) വസ്തുനികുതി വിവിധ ശീർഷകങ്ങളിലുള്ള കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകൾ

പ്രകാരമുള്ളത് സഞ്ചയ ഡി.സി.ബി. പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. 31.03.2018-ലെ ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം വസ്തുനികുതിക്ക് ആനുപാതികമായി(5%) നിർണ്ണയിക്കേണ്ട 431910101-ലൈബ്രറി സെസ്സ് കൺട്രോൾ അക്കൗണ്ടിലെ തുകയിലും വ്യത്യാസം കാണുന്നു.

8) സ്ഥാപനങ്ങൾ, ടെയ്ഡേഴ്സ് തൊഴിൽ നികുതി, ഡി & ഒ ട്രേഡ് ലൈസൻസ് എന്നീ അക്രൂവൽ വരവിനങ്ങളുടെ ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ഇനങ്ങളിലെ ധനകാര്യ പത്രിക പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

9) ഷോപ്പിങ്ങ് കോംപ്ലെക്സ് 9/330 നം. കെട്ടിടത്തിന്റെ ജൂൺ-2016 ലെ വാടക ഈടാക്കി അക്കൗണ്ട് ചെയ്യാതെ തുടർന്നുള്ള മാസങ്ങളിലെ വാടക അക്കൗണ്ട് ചെയ്തതിനാൽ 31.03.2018-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 430400102-Rent Receivable from Buildings(Arrears) ശീർഷകത്തിൽ ടി തുക ലഭിക്കാനുള്ളതായി അവശേഷിക്കുന്നു.

10) 110200102-Profession Tax Employess ജീവനക്കാരുടെ തൊഴിൽ നികുതി ശീർഷകത്തിലെ തൻവർഷ നീക്കിയിരിപ്പ് 8,06,880/- രൂപയാണ്(ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്-ഐ1 ഷെഡ്യൂൾ). എന്നാൽ ജീവനക്കാരുടെ തൊഴിൽ നികുതി യഥാർത്ഥ വരവ് 7,93,530/- രൂപയാണ്(റസീപ്റ്റ് & പേയ്മെന്റ് പത്രിക-ആർപി1 ഷെഡ്യൂൾ). അക്രൂവൽ ചെയ്യാത്ത വരവിനമായ ജീവനക്കാരുടെ തൊഴിൽ നികുതി ശീർഷകത്തിൽ വരവും അക്കൗണ്ട് നീക്കിയിരിപ്പും തമ്മിൽ 13,350/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

11) 21.03.2015-ലെ ജി.ഒ(പി)നം.119/2015/ധനം പ്രകാരം 2015-16 മുതൽ വികസന ഫണ്ടിന്റെ ചെലവ് സഞ്ചിത നിധിയിൽ നിന്നുമാണ് നടത്തുന്നത്. എന്നാൽ വികസന ഫണ്ടിനത്തിൽ പഞ്ചായത്തിന് പബ്ലിക് അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന (450250102-Treasury-Own Fund-VPFA-1_2 ശീർഷകം) 17,235/- രൂപ തിരികെ സഞ്ചിത നിധിയിലേക്ക് ഒടുക്കാൻ 31.03.2018-ലും അവശേഷിക്കുന്നു.

12) വാർഷിക കണക്കുകൾ തയ്യാറാക്കിയത് സംബന്ധിച്ച പ്രധാന അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ (Notes on Account) തയ്യാറാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-13 ഓഡിറ്റ് ഇംപാക്ട്

കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ട് നം167 /17ഫലവൃക്ഷ കിറ്റ് വിതരണം എന്ന പദ്ധതിയിൽ 6 വിവിധ തരം ഫലവൃക്ഷ തൈകളടങ്ങിയ കിറ്റ് 600 എണ്ണം 1,00,00 ലക്ഷം രൂപ -വിലയ്ക്ക് വി.എഫ്.പി.സി.കെ.യിൽ നിന്നും ഇൻവോയസ് നം.ഇകെ എം സി ആർ 17-18/500 29/11/2017 പ്രകാരം വാങ്ങി വിതരണം ചെയ്തു. ആകെ ബിൽ തുകയായ 100000 ഉം 19.01.2018 ലെ ട്രഷറി ബിൽ നം.2/17-18 പ്രകാരം വി.എഫ്.പി.സി.കെ.യുടെ 851210110002311 എന്ന അക്കൗണ്ടിലേയ്ക്ക് നൽകി. എന്നാൽ സർക്കാർ ഉത്തരവ് നം.80/2017/തസ്വഭവ തീയതി 03.04.2017 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ അനുശാസിക്കുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധിയായ 75% എന്നതിലധികമായി 100% സബ്സിഡി നൽകിയതായി കാണുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.9ന്, അധികം നൽകിയ രൂപ 25,000 28.03.2019ൽ മുണ്ടക്കയം സബ് ട്രഷറിയിൽ തിരികെ ഒടുക്കി ചെല്ലാൻ പരിശോധനയ്ക്ക് ലഭ്യമാക്കി.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1-1 വസ്തു നികുതി ഈടാക്കിയില്ല

ശ്രീ.റെജി തോമസ്, കളമറ്റത്തിൽ, പാറത്തോട് എന്നയാളുടെ ഉടമസ്ഥതയിലുള്ള, വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ളതും ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുള്ളതുമായ കെട്ടിടങ്ങളുടെ, നികുതി തുക ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ നം. | ഉപയോഗക്രമം | കുടിശ്ശിക കാലയളവ്/ | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ നികുതി |
|---|---|---|---|---|---|---|

| | | | വർഷം | | | തുക |
|---|---|---|---|---|---|---|
| 1. | XI/587 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 2015 മുതൽ 2018 വരെ | 16,530 | 826 | 17,356 |
| 2. | XI/588 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 2015 മുതൽ 2018 വരെ | 3,873 | 194 | 4,067 |
| 3. | XI/589 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 2015 മുതൽ 2018 വരെ | 3,710 | 185 | 3,895 |
| | | ആകെ തുക | | 24,113 | 1,205 | 25,318 |

അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/27.03.2019) മറുപടി ലഭിച്ചിട്ടില്ല. വസ്തുനികുതിയിനത്തിൽ 24,113/- രൂപയും ലൈബ്രറി സെസ്സ് ഇനത്തിൽ 1,205/- രൂപയുമുൾപ്പെടെ ആകെ 25,318/- രൂപ, ബന്ധപ്പെട്ട കെട്ടിട ഉടമയിൽ നിന്നും സമയബന്ധിതമായി ഈടാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധയും ഇടപെടലും ഉണ്ടാകേണ്ടതാണ്. അപാകതകൾ സംബന്ധിച്ച് നടപടി സ്വീകരിക്കേണ്ടതും, തുക ഈടാക്കി രസീതുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-1-2 മൊബൈൽ കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി സമയബന്ധിതമായി ഈടാക്കാതെ, കുടിശ്ശിക നിലനിൽക്കുന്നതായി സഞ്ചയ വെബ് പോർട്ടൽ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | മൊബൈൽ കമ്മ്യൂണിക്കേഷൻ ടവർ | കുടിശ്ശിക കാലയളവ്/ വർഷം | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ നികുതി തുക |
|---|---|---|---|---|---|---|
| 1. | I/46A | റിലയൻസ് ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ ലി. | 2013-14 മുതൽ 2017-18 വരെ | 1,79,745 | 8,990 | 1,88,735 |
| 2. | I/46B | റിലയൻസ് ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ ലി. | 2013-14 മുതൽ 2017-18 വരെ | 37,225 | 1,865 | 39,090 |
| 3. | I/46C | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ ലി. | 2013-14 മുതൽ 2017-18 വരെ | 1,10,275 | 5,515 | 1,15,790 |
| 4. | I/46D | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ ലി. | 2016-17 | 22,142 | 1,108 | 23,250 |
| 5. | I/190B | ഇൻഡസ് ടവേഴ്സ് ലി. | 2013-14 മുതൽ 2015-16 വരെ | 34,215 | 1,713 | 35,928 |

| | | | | | | |
|---|---|---|---|---|---|---|
| 6. | IV/3 | റിലയൻസ് കമ്മ്യൂണിക്കേഷൻ ലി. | 2013-14 മുതൽ 2017-18 വരെ | 41,760 | 2,090 | 43,850 |
| 7. | IV/3A | റിലയൻസ് കമ്മ്യൂണിക്കേഷൻ ലി. | 2013-14 മുതൽ 2017-18 വരെ | 1,03,680 | 5,185 | 1,08,865 |
| 8. | IV/4 | ഭാരതി എയർടെൽ ലി. | 2013-14 മുതൽ 2015-16 വരെ | 24,696 | 1,236 | 25,932 |
| 9. | IV/4A | ഭാരതി ഇൻഫ്രാടെൽ ലി. | 2013-14 മുതൽ 2017-18 വരെ | 49,105 | 2,460 | 51,565 |
| 10. | VI/546A | എസ്സാർ ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലി. | 2013-14 മുതൽ 2017-18 വരെ | 1,25,080 | 6,255 | 1,31,335 |
| 11. | VI/546B | എസ്സാർ ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലി. | 2013-14 മുതൽ 2017-18 വരെ | 39,600 | 1,980 | 41,580 |
| 12. | VII/70A | ഭാരതി ഇൻഫ്രാടെൽ ലി. | 2013-14 മുതൽ 2017-18 വരെ | 50,490 | 2,525 | 53,015 |
| 13. | VII/70B | ഭാരതി ഇൻഫ്രാടെൽ ലി. | 2013-14 മുതൽ 2015-16 വരെ | 24,618 | 1,233 | 25,851 |
| 14. | IX/230 | ഭാരത് സഞ്ചാർ നിഗം ലി. | 2013-14 മുതൽ 2017-18 വരെ | 72,000 | 3,600 | 75,600 |
| 15. | XI/216A | ഭാരതി ഇൻഫ്രാടെൽ ലി. | 2013-14 മുതൽ 2017-18 വരെ | 52,620 | 2,635 | 55,255 |
| 16. | XI/216B | ഭാരതി ഇൻഫ്രാടെൽ ലി. | 2013-14 മുതൽ 2015-16 വരെ | 41,030 | 1,233 | 42,263 |
| 17. | XII/157 | ഭാരത് സഞ്ചാർ നിഗം ലി. | 2013-14 മുതൽ 2017-18 വരെ | 72,000 | 3,600 | 75,600 |
| ആകെ കുടിശ്ശിക തുക | | | | 10,80,281/- | 53,223/- | 11,33,504/- |

അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/27.03.2019) മറുപടി ലഭിച്ചിട്ടില്ല. വസ്തുനികുതിയിനത്തിൽ 10,80,281/- രൂപയും ലൈബ്രറി സെസ്സ് ഇനത്തിൽ 53,223/- രൂപയുമുൾപ്പെടെ ആകെ 11,33,504/- രൂപ, ബന്ധപ്പെട്ട മൊബൈൽ സേവനദാതാക്കളിൽ നിന്നും സമയബന്ധിതമായി ഈടാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അടിയന്തിരമായി കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടികൾ, ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധയും ഇടപെടലും ഉണ്ടാകേണ്ടതാണ്. അപാകതകൾ സംബന്ധിച്ച് നടപടി സ്വീകരിക്കേണ്ടതും, തുക ഈടാക്കി രസീതുകളുടെ സാക്ഷ്യപ്പെടുത്തിയ

പകർപ്പുകൾ സഹിതം, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-2 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതായി പരിശോധനയിൽ വ്യക്തമായിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1. | സഹ്യാദ്രി റ്റൂൾസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, കുട്ടിക്കൽ | I, II |
| 2. | ആയുർവേദ, ഏന്തയാർ | I, II |

അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/25.03.2019), മറുപടി ലഭ്യമായിട്ടില്ല. തൊഴിൽനികുതി ഈടാക്കി രസീതുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷം, ഡി & ഒ ലൈസൻസ് ഫീസ്, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | സ്ഥാപന ഉടമയുടെ പേരും വിലാസവും | വ്യാപാരത്തിന്റെ സ്വഭാവം |
|---|---|---|---|
| 1. | VI/72 | സിബി, എസ്.എൻ.വി പുത്തൻവീട് | ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ വില്പന |
| 2. | VI/40 | ഹരിലാൽ, കിഴക്കേതിൽ | സ്റ്റേഷനറി/ബേക്കറി |
| 3. | VI/5 | ശിവദാസ്, പുത്തൻപുരയിൽ | ജൗളി വ്യാപാരം |
| 4. | IX/178 | സുധാകരൻ, കൊട്ടിത്താഴെ | സ്റ്റുഡിയോ |
| 5. | VIII/216 | ജോഷി, മംഗലത് | റബ്ബർ വ്യാപാരം |
| 6. | | Joonktolle Tea Industries Ltd<br>പുള്ളിക്കാനം എസ്റ്റേറ്റ്സ് വാഗമൺ | ടീ ഇൻഡസ്ട്രി |
| 7. | വിവിധ വാർഡുകൾ | റേഷൻ കടകൾ | റേഷൻ കടകൾ |
| 8. | IX/55 | സി.ടി.തോമസ്, ചെറിയപ്പുറം, ഏന്തയാർ | ഹാർഡ്‌വെയർ |
| 9. | | വാഴത്തറ ഗ്രാനൈറ്റ്സ് | പാറപൊട്ടിച്ച് വ്യാപാരം |
| 10. | വിവിധ വാർഡുകൾ | കള്ള് ഷാപ്പുകൾ | കള്ള് ഷാപ്പുകൾ |
| 11. | IX/157 | ഹബീബ്, പടിപ്പുരക്കൽ | ജൗളി വ്യാപാരം |
| 12. | IX/224 | സിനി തോമസ്, പുന്നയ്ക്കാൻ | കെമിക്കൽസ് |

| | | | |
|---|---|---|---|
| | | തോംസൺ കെമിക്കൽസ് | |
| 13. | XI/57 | തോമസ് ജോസഫ്, ചള്ളവയലിൽ | റെസ്റ്റോറന്റ് & ബേക്കറി |
| 14. | V/196 | കെ.ആർ.രാജൻ, കായപ്ലാക്കൽ | ഹോട്ടൽ |
| 15. | IX/88 | മാത്യു തോമസ്, ചമ്പക്കര | ഹോട്ടൽ |
| 16. | | മരിയ ക്വാറി | പാറ പൊട്ടിച്ച് വ്യാപാരം |
| 17. | VI/32 | സനൽ കുമാർ, കരിങ്ങോഴക്കൽ | ഹോട്ടൽ |
| 18. | XII/330 | ബഷീർ ഷെരീഫ, ബംഗ്ലാവ് പറമ്പിൽ | ഫർണീച്ചർ വ്യാപാരം |

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഏതൊരു സ്ഥാപനവും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ, സാമ്പത്തികവർഷം അവസാനിക്കുന്നതിന് 30 ദിവസം മുൻപായി പഞ്ചായത്തിൽ സമർപ്പിക്കേണ്ടതും, ലൈസൻസ് പുതുക്കി തുക അടവാക്കേണ്ടതുമാണ്. എന്നാൽ മേൽ പരാമർശിച്ച സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ച്, സമയബന്ധിതമായി തുക ഒടുക്ക് വരുത്തുന്നതിൽ വീഴ്ച വന്നിട്ടുള്ളതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/25.03.2019), മറുപടി ലഭ്യമായിട്ടില്ല. ലൈസൻസ് തുക, തൊഴിൽ നികുതി എന്നിവ അതാത് വർഷങ്ങളിൽ ഈടാക്കാതെ സ്ഥാപനങ്ങളെ പ്രവർത്തിക്കാൻ അനുവദിക്കുന്നത് ചട്ടവിരുദ്ധമാണ്. തുടർ വർഷങ്ങളിൽ അപാകത ഒഴിവാക്കി സ്ഥാപനങ്ങളുടെ ലൈസൻസ് തുക, തൊഴിൽ നികുതി എന്നിവ യഥാസമയം ഒടുക്ക് വരുത്തുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേതടക്കമുള്ള മേൽനോട്ടം ഉണ്ടാകേണ്ടതാണ്. നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ഡി & ഒ ട്രേഡ് ലൈസൻസ് - വസ്തു നികുതി നിർണ്ണയം - അപാകത

ഡി & ഒ രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും 2017-18 വർഷം ഡി & ഒ ലൈസൻസ് നൽകിയിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിലാണെന്ന് വ്യക്തമായിട്ടുണ്ട്.

| ഡി & ഒ രജിസ്റ്ററിലെ ക്രമ നം. | കെട്ടിട നം. | സ്ഥാപന ഉടമയുടെ പേര് | ഉപയോഗക്രമം |
|---|---|---|---|
| 17 | 7/273 | റ്റി.ജി.സത്യദേവൻ, തകടിയേൽ | സ്റ്റേഷനറി |
| 29 | 8/5 | മോഹനൻ കെ., ശാരദാമന്ദിരം | പലചരക്ക് വ്യാപാരം |
| 47 | 12/287<br>12/288 | ബിന്ദു സുനിൽ, പാറയ്ക്കൽ | പലചരക്ക്,കൂൾബാർ |
| 73 | 1/313 | എൻ.ഡി.സെബാസ്റ്റ്യൻ, നടൂപ്പറമ്പിൽ | പേവിംഗ് ബ്രിക്സ് വില്പന |
| 74 | 1/259 B | എൻ.ഡി.സെബാസ്റ്റ്യൻ, നടൂപ്പറമ്പിൽ | ക്രഷർ യൂണിറ്റ് |
| 87 | 1/243<br>1/244 | ജോജോ ചാണ്ടി, സഹ്യാദ്രി റ്റൂളക്സ് (ഇൻഡ്യ) പ്രൈ.ലിമിറ്റഡ് | റബ്ബർ ലാറ്റക്സ് ക്രീമിംഗ് |
| 113 | 9/231 | സാൽവിൻ മാത്യു, ഒരപ്പാങ്കൽ | ഫർണിച്ചർ വില്പന |

| | | | |
|---|---|---|---|
| 133 | 2/34 | പി.പി.മുരളീധരൻ, പരുത്തപ്പാറ | പലചരക്ക് വ്യാപാരം |

"സഞ്ചയ" യിലെ വിവിധ ഉപയോഗക്രമങ്ങളുടെ അടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളുടെ എണ്ണം ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം. | ഉപയോഗക്രമം | എണ്ണം |
|---|---|---|
| 1. | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ, ഗോഡൗൺ | 714 |
| 2. | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ, ഗോഡൗൺ | 24 |
| 3. | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 01 |
| 4. | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 01 |
| 5. | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറിഷെഡ്, കയർപിരി ഷെഡ് | 61 |
| 6. | ഇതരവ്യവസായങ്ങൾക്കാവശ്യമുള്ളവ | 16 |
| | ആകെ | 817 |

മേൽപരാമർശിച്ച പ്രകാരം വാണിജ്യ/വ്യവസായ/ഇതര ആവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട 817 കെട്ടിടങ്ങളുണ്ടെങ്കിലും ലൈസൻസോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 380 എണ്ണം മാത്രമാണ്. മേൽപ്പറഞ്ഞതിൽ നിന്നും വളരെയധികം സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാണ്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഏതൊരു സ്ഥാപനവും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ, സാമ്പത്തികവർഷം അവസാനിക്കുന്നതിന് 30 ദിവസം മുൻപായി പഞ്ചായത്തിൽ സമർപ്പിക്കേണ്ടതും, ലൈസൻസ് പുതുക്കി തുക അടവാക്കേണ്ടതുമാണ്. എന്നാൽ ടി സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ച്, സമയബന്ധിതമായി തുക ഒടുക്ക് വരുത്തുന്നതിൽ വീഴ്ച വന്നിട്ടുള്ളതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/28.03.2019), മറുപടി ലഭ്യമായിട്ടില്ല. ലൈസൻസ് തുക, തൊഴിൽ നികുതി എന്നിവ അതാത് വർഷങ്ങളിൽ ഈടാക്കാതെ സ്ഥാപനങ്ങളെ പ്രവർത്തിക്കാൻ അനുവദിക്കുന്നത് ചട്ടവിരുദ്ധമാണ്. തുടർ വർഷങ്ങളിൽ അപാകത ഒഴിവാക്കി സ്ഥാപനങ്ങളുടെ ലൈസൻസ് തുക, തൊഴിൽ നികുതി എന്നിവ യഥാസമയം ഈടാക്കേണ്ടതാണ്. പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങൾ, വ്യാപാരാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് കേരള പഞ്ചായത്ത് രാജ് - വസ്തു നികുതി ചട്ടങ്ങളുടെ ലംഘനമാണ്. മേൽ പരാമർശിച്ച കെട്ടിടങ്ങളെ വ്യാപാരാവശ്യങ്ങൾക്കുള്ള നികുതി ഉപയോഗക്രമത്തിലുൾപ്പെടുത്തി, നികുതി പുനർനിർണ്ണയിക്കേണ്ടതും അർഹമായ വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. തുടർവർഷങ്ങളിൽ ഇപ്രകാരമുള്ള നികുതിനഷ്ടം ഉണ്ടാകാതിരിക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേതടക്കമുള്ള ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 നിയമവും, ചട്ടവും ലംഘിച്ച് പഞ്ചായത്തിന്റെ കെട്ടിട നിർമ്മാണം

പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിനുള്ളിൽ തന്നെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഓഫീസും പ്രവർത്തിക്കുന്നതിനാൽ നിലവിൽ സ്ഥലപരിമിതി മൂലം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഇത്

പരിഹരിക്കുന്നതിനായി 2016-17 വർഷം ആസൂത്രണം ചെയ്തതാണ് പഞ്ചായത്ത് അനക്സ് കെട്ടിട നിർമ്മാണം. ശ്രീമതി മേരിക്കുട്ടി സേവ്യറിന്റെ കൈവശത്തിലുള്ള തോട് പുറമ്പോക്ക് ഭൂമിയിൽ കെട്ടിടം പണിയുന്നതിന് 10.05.2017 ലെ പഞ്ചായത്ത് കമ്മറ്റി 1/1 നമ്പരായി തീരുമാനം എടുത്തിട്ടുണ്ട്. ഇതിനുവേണ്ടി 2017-18, 2018-19 വർഷങ്ങളിലായി 4 പ്രോജക്ടുകൾ തയ്യാറാക്കുകയും താഴെ പറയും പ്രകാരം തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| പ്രോജക്ട് നം. | അടങ്കൽ | ചെലവ് |
|---|---|---|
| 135/2018, പഞ്ചായത്ത് അനക്സ് കെട്ടിട നിർമ്മാണം (സ്പിൽ ഓവർ) | 11,63,778/-(ലോകബാങ്ക് സഹായം) | 11,63,868/- 6,30,432/-(ബിൽ നം. 24/17.10.2017) 5,33,436/-ബിൽ നം. 25/17.10.2017) |
| 122/2018, പഞ്ചായത്ത് അനക്സ് രണ്ടാം ഘട്ടം | 5,76,236/- (വികസനഫണ്ട്) | 2,47,524/-ബിൽ നം. 64/26.03.2018) |
| എസ്.ഒ 163/2019, പഞ്ചായത്ത് അനക്സ് രണ്ടാം ഘട്ടം | 3,28,712/- (വികസനഫണ്ട്) | - |
| 131/19, പഞ്ചായത്ത് അനക്സ് | 8,14,420/-(വികസനഫണ്ട്) | - |
| ആകെ | 25,54,434/- | 14,11,392/- |

കെട്ടിട നിർമ്മാണത്തിന് നാളിതു വരെ 25,54,434/- രൂപ വകയിരുത്തുകയും 14,11,392/- രൂപ (2017-18 ൽ മാത്രം)ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. റോഡിന് താഴെ 2 നിലകളും റോഡ് നിരപ്പിൽ 1 നിലയും സ്ട്രക്ചർ മാത്രം പൂർത്തിയായിട്ടുണ്ട്. ഒന്നാം നില നിർമ്മിക്കുന്നതിനുള്ള കോളം നിർത്തിയിട്ടുമുണ്ട്. ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സൈറ്റ് നേരിൽ പരിശോധിച്ചതിലും, പ്രവൃത്തിയുടെ ഫയലുകൾ പരിശോധിച്ചതിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- കെട്ടിടം നിർമ്മിക്കുന്ന വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നു. പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം ശ്രീമതി മേരിക്കുട്ടി സേവ്യറിന്റെ കൈവശമുള്ള തോട് പുറമ്പോക്ക് കെട്ടിട നിർമ്മാണത്തിന് വിട്ടു നല്കിയതായും അതിനോട് ചേർന്ന പട്ടയ വസ്തുവിൽ നിന്നും 40 ച.അടി സ്ഥലം പഞ്ചായത്തിന് നല്കിയതായും ഈ സ്ഥലം പഞ്ചായത്തിന്റെ പേരിലാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതായും കാണുന്നു. എന്നാൽ സ്ഥലം സർവ്വേ നടത്തി തിട്ടപ്പെടുത്തിയതിന്റെയോ പട്ടയസ്ഥലം(40 ച.അടി) പഞ്ചായത്തിന്റെ പേരിലാക്കി കരം അടച്ചതിന്റെയോ രേഖകളില്ല.
- വാർഷിക പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം കെട്ടിട നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ഇലക്ട്രിഫിക്കേഷൻ, പ്ലംബിങ് ഉൾപ്പെടെയുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നും (ഡി.പി.ആർ.)സാമ്പത്തിക നില പരിഗണിച്ച് ഏകവർഷ പ്രോജക്ടായോ, ബഹുവർഷ പ്രോജക്ടായോ ചെയ്യുന്നതിനും അനുമതിയുണ്ട്. എന്നാൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാതെ ഓരോ വർഷവും ചെയ്യുന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തുന്നു.
- 15 ലക്ഷം മുതൽ 1 കോടി രൂപ വരെ അടങ്കലുള്ള കെട്ടിടങ്ങൾക്ക് സാങ്കേതിക അനുമതി നൽകേണ്ടത് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. എന്നാൽ 15 ലക്ഷത്തിൽ താഴെ അടങ്കലുള്ള വിവിധ പ്രോജക്ടുകൾ തയ്യാറാക്കി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാങ്കേതിക അനുമതിയോടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് നിയമ സാധുത ഇല്ല.
- കെട്ടിടത്തിന്റെ രൂപരേഖ തയ്യാറാക്കി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിക്കാതെയാണ് നിർമ്മാണം നടത്തുന്നത് എന്ന സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടു കൂടി മാത്രമേ സ്വന്തം ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിർമ്മാണം നടത്താൻ പഞ്ചായത്തിന് പോലും 2011ലെ കേരളപഞ്ചായത്ത് കെട്ടിടനിർമമാണ ചട്ടങ്ങൾ അനുമതി നല്കുന്നുള്ളൂ. എന്നാൽ പ്ലാൻ, സൈറ്റ് പ്ലാൻ, ലൊക്കേഷൻ പ്ലാൻ, ക്രോസ് സെക്ഷൻ എന്നിവ തയ്യാറാക്കാതെയും അധികാര സ്ഥാനങ്ങളിൽ നിന്നും അനുമതി വാങ്ങാതെയും ടെണ്ടർ നടത്തിയതും

പ്രവൃത്തി നടത്തി തുക നല്കിയതും നിർവ്വഹണഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്.

- സെല്ലാർ ഫ്ലോർ ഉൾപ്പെടെ 4 നിലക്കായി പദ്ധതി ഇട്ട കെട്ടിടത്തിന് സോയിൽടെസ്റ്റ് നടത്തുകയോ, സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കി സാങ്കേതിക അനുമതി നല്കുന്ന ഉദ്യോഗസ്ഥനിൽ നിന്നും അംഗീകാരം വാങ്ങി കെട്ടിടത്തിന്റെ ക്ഷമത ഉറപ്പ് വരുത്തുകയോ ചെയ്തിട്ടില്ല.
- 2011ലെ കേരളപഞ്ചായത്ത് കെട്ടിടനിർമമാണ ചട്ടങ്ങൾ വ്യാപകമായി ലംഘിക്കപ്പെട്ടിട്ടുള്ളതായി സൈറ്റ് പരിശോധനയിൽ കാണപ്പെട്ടു. കെട്ടിടത്തിന് പിൻ വശത്തും ഇരുവശങ്ങളിലും ഒഴിച്ചിടേണ്ട സ്ഥലം ഒഴിച്ചിട്ടില്ല. പിൻവശം ആറ്റുതീരം കെട്ടിയെടുത്തിരിക്കുന്നതിനാൽ കെട്ടിടനിർമമാണ ചട്ടങ്ങൾ പ്രകാരമുള്ള മുറ്റം ഇല്ല.
ഫ്ലോർ ഏരിയ റേഷ്യോ, കാർപ്പറ്റ് ഏരിയ എന്നിവ കണക്കാക്കിയിട്ടില്ല. പാർക്കിംഗ് സൗകര്യം ലഭ്യമാക്കിയിട്ടില്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം26(3) പ്രകാരം നിർമ്മാണസ്ഥലം 45 ഡിഗ്രിയിൽ കൂടുതൽ ചരിവ് ഉള്ളതാണെങ്കിലും, വെള്ളപ്പൊക്ക സാദ്ധ്യത ഉള്ളതാണെങ്കിലും വെള്ളപ്പൊക്കം മണ്ണൊലിപ്പ് എന്നിവക്ക് വിധേയമാകുകയില്ല എന്ന് സെക്രട്ടറിക്ക് ബോധ്യമാകുന്നതു വരെ നിർമ്മാണം പാടില്ല, എന്നാൽ ഇതു സംബന്ധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല.



- നദീതീരസംരക്ഷണ നിയമവും, ചട്ടങ്ങളും ലംഘിച്ചു. 2002ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങൾ ചട്ടം19(3) പ്രകാരം നദീതീരത്തുള്ള പുറമ്പോക്ക് ഭൂമിയിലുള്ള വൃക്ഷത്തൈകളുടെ പരിപാലനം, കടവുകളുടെ സംരക്ഷണം എന്നിവ തദ്ദേശ സ്ഥാപനത്തിന്റെ ചുമതലയാണെങ്കിലും നിർമ്മാണ പ്രവൃത്തികൾ അംഗീകരിക്കേണ്ടത് (നിയമം 3) പ്രകാരം കളക്ടർ എക്സ് ഒഫീഷ്യോ ആയ ജില്ലാ വിദഗ്ധ സമിതിയാണ്. സമിതിയുടെ അനുമതി പോലും വാങ്ങാതെ ആറ്റുപുറമ്പോക്ക് ഭൂമിയിൽ പഞ്ചായത്ത് കെട്ടിട നിർമ്മാണം നടത്തിയത് നിയമാനുസൃതമല്ല.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുസരിച്ച് കെട്ടിട നിർമ്മാണ നിയന്ത്രണം നടപ്പാക്കേണ്ട പഞ്ചായത്ത്, നിയമങ്ങളും ചട്ടങ്ങളും ലംഘിച്ച് മരാമത്ത് പ്രവൃത്തികൾ തയ്യാറാക്കിയതും നിർവ്വഹണഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ രേഖകളും അനുമതികളും വാങ്ങാതെയും, കെട്ടിടത്തിന്റെ ക്ഷമത ഉറപ്പ് വരുത്താതെയും നിർവ്വഹണം നടത്തി തുക നല്കുകയും ചെയ്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.3/22.3.19) മറുപടി നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 14,11,392/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾ ക്രമവല്കരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 കുട്ടിക്കൽ-ചപ്പാത്ത് എസ്.സി കോളനി വാട്ടർ സപ്ലൈ സ്കീം-അധികനിരക്ക് നൽകി-7,408 രൂപയുടെ ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 186/16, 139/17, 136/18 |
| പ്രോജക്ട് | കുട്ടിക്കൽ-ചപ്പാത്ത് എസ്.സി കോളനി വാട്ടർ സപ്ലൈ സ്കീം |
| കൺവീനർ | ഡൊമിനിക് മാത്യു |
| കരാർ നമ്പർ | 44/AE/LSGD Dt.27.3.2017 |
| അടങ്കൽ | 1,00,000/-(വികസനഫണ്ട് എസ്.സി.പി) |
| ചെലവ് | 1,00,000/-(ബിൽ നമ്പർ 2/30.6.2017) |
| ചെലവ് വിശദാംശങ്ങൾ | വാറ്റ് 5% - 4,630/-<br>ഐ.റ്റി 2%- 1,852/- |

| | |
|---|---|
| | വെൽഫയർഫണ്ട് 1%- 926/-<br>കൺവീനർ - 92,592/-(മീനച്ചിൽ കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ട് നം. 8370032000006915 ൽ 1.7.2017 ൽ ക്രഡിറ്റ് വന്നിട്ടുണ്ട്) |

കുട്ടിക്കൽ-ചപ്പാത്ത് എസ്.സി കോളനി വാട്ടർ സപ്ലൈ സ്കീമിന് വേണ്ടിയുള്ള പ്രവൃത്തി 3/2017 ൽ കരാർ വക്കുകയും 19.6.2017 ൽ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഡി.എസ്.ആർ 2014 നൊപ്പം 46.67% കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയിട്ടുണ്ട്. സമിതി കൺവീനർ അടവു വരുത്തേണ്ട വിവിധ നികുതികൾക്കാണ് 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ആകെ വേലമൂല്യത്തിൽ നിന്നും നികുതികൾ കുറച്ചുള്ള തുക കൺവീനർക്ക് നൽകേണ്ടതും നികുതി വിഹിതങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകേണ്ടതും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ഇതനുസരിച്ച് ആകെ വേലമൂല്യമായ 92,592/- രൂപയിൽ നിന്നും നികുതി ഇനങ്ങളുടെ ആകെ തുക 7,408/- രൂപ കുറച്ച് 85,184/- രൂപ കൺവീനർക്ക് നല്കിയാൽ മതിയെങ്കിലും 92,592/- രൂപ കൺവീനർക്ക് നല്കിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ ബിൽ തയ്യാറാക്കിയപ്പോൾ ഓവർഹെഡ് ചാർജ് 7.5% ഉൾപ്പെടുത്തിയത് പരിഗണിക്കാതെ വേലമൂല്യത്തോടൊപ്പം നികുതി വിഹിതം 7,408/- രൂപ കൂട്ടിയതിന് ശേഷം നികുതി കുറവ് വരുത്തിയതാണ് കൺവീനർക്ക് അധികനിരക്ക് നല്കുന്നതിന് കാരണമായത്. അപാകതയിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.1/20.3.19) നല്കിയെങ്കിലും മറുപടി നല്കിയിട്ടില്ല. തെറ്റായി ബില്ല് തയ്യാറാക്കി 7,408/- രൂപ അധികമായി കൺവീനർക്ക് നല്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തുക ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-3 ഇ-ടെൻഡർ ഫാറവില പഞ്ചായത്തിന് ലഭിക്കുന്നില്ല

2016-17 മുതൽ 5 ലക്ഷത്തിന് മുകളിലുള്ള മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടർ നിർബന്ധമാക്കിയിട്ടുണ്ട്. ഇ-ടെണ്ടറുകളിൽ ഫാറവില എക്സിക്യൂട്ടിവ് എഞ്ചിനീയർ, കോട്ടയം ജില്ലാപഞ്ചായത്തിന്റെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. പഞ്ചായത്തിൽ നിന്നും ഡിമാന്റ് ചെയ്യുന്ന മുറക്ക് തുക പഞ്ചായത്തിന് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നല്കുകയാണ് ചെയ്യുന്നത്. എന്നാൽ ഇ-ടെണ്ടർ ഫാറവില പ്രത്യേകമായി കണക്കാക്കി ഡിമാന്റ് ചെയ്യുന്ന രീതി പഞ്ചായത്തിൽ നടപ്പായിട്ടില്ല. ഫയലുകൾ പ്രകാരം 2017-18 വർഷം ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | പ്രോജക്ട്/അടങ്കൽ | ലഭിച്ച ടെണ്ടറുകൾ/വില | ആകെ പഞ്ചായത്തിന് ലഭിക്കാനുള്ള തുക |
|---|---|---|---|
| 1 | ശ്മശാനം പുനരുദ്ധാരണം, 117/18 | 2@1298 | 2,596/- |
| 2 | ഗുരുമന്ദിരം-കുപ്പ് റോഡ് 46/2018 | 2@1676 | 3,352/- |
| 3 | പഞ്ചായത്ത് അനക്സ് 2-ാം ഘട്ടം 122/18 | 2@1902 | 3,804/- |
| | ആകെ | | 9,752/- |

മേൽ പറഞ്ഞ ഫയലുകൾ പരിശോധിച്ച് ടെണ്ടർഫാറവില നികുതി സഹിതം കണക്കാക്കി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല. ടെണ്ടർഫാറവില നികുതി സഹിതം കണക്കാക്കി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 യഥാസമയം കരാർ വയ്ക്കാത്ത കരാറുകാർക്കെതിരെ നടപടി സ്വീകരിക്കുന്നില്ല

സ.ഉ.(എം.എസ്.)270/12/എൽ.എസ്.ജി.ഡി തീ: 17.10.2012 പ്രകാരം 2012 ലെ പുതുക്കിയ കേരള പൊതു മരാമത്ത് മാന്വൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്നതിന് സർക്കാർ അനുവദിക്കുകയും സ.ഉ.(എം.എസ്.)74/14/എൽ.എസ്.ജി.ഡി തീ: 07.05.2014 ക്രമ നം.12 പ്രകാരം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മാന്വൽ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ച തീയതി മുതൽ 14 ദിവസത്തിനകം പിഴ

ഇല്ലാതെയും തുടർന്ന് 10 ദിവസം കരാർതുകയുടെ 1% പിഴ ഈടാക്കിയും കരാർ വക്കുന്നതിന് അനുവദിക്കാവുന്നതാണ്. 10 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ ഇ.എം.ഡി കണ്ടുകെട്ടി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് നടത്തിയ പരിശോധനയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സമയക്രമം പാലിക്കാത്ത കരാറുകാരനെതിരെ നടപടി സ്വീകരിക്കുന്നതിന് പകരം പിഴ പോലും ഈടാക്കാതെ കരാർ വക്കുന്നതിന് അനുവദിച്ചിട്ടുള്ളതായി കാണുന്നു. ഉദാഹരണത്തിന് 148/2018 നമ്പരായ തേൻപുഴ-മാത്തുമല റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി ജോസഫ് ഫ്രാൻസിസ് എന്ന കരാറുകാരൻ ഏറ്റെടുക്കുകയും 14-ം നമ്പരായി 19.09.2017 ൽ സെലക്ഷൻ നോട്ടീസ് അയക്കുകയും ചെയ്തിരുന്നു. പൊതുമരാമത്ത് മാന്വൽ പ്രകാരം 19.09.2017 മുതൽ 14 ദിവസത്തിനകം പിഴയില്ലാതെയും (04.10.2017) തുടർന്ന് 10 ദിവസത്തിനകം (14.10.17) കരാർ തുകയായ 14,990 രൂപയുടെ 1% പിഴയായ 1,499/- രൂപ അടച്ചും കരാർ വെയ്ക്കാവുന്നതാണ്. എന്നാൽ കരാറുകാരൻ 24.10.2017 ൽ മാത്രമാണ് പിഴയടക്കാതെ കരാർ വച്ചിട്ടുള്ളത്. തികച്ചും നിയമവിരുദ്ധമായി കരാർ ചമക്കുന്നതിന് കരാറുകാരന് അനുമതി നല്കിയതിനുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.2/20.3.19) മറുപടി നല്കിയില്ല. വിഷയം ഭരണസമിതി അന്വേഷിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-5** <u>പാർട്ട്ബില്ല് നല്കുമ്പോൾ റീടെൻഷൻ തുക പിൻവലിക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം</u>

സർക്കാർ ഗ്രാന്റ് ഉപയോഗിച്ചുള്ള സ്പിൽ ഓവറാകുന്ന മരാമത്ത് പ്രവൃത്തികളിൽ പാർട്ട് ബിൽ നല്കുമ്പോൾ ഈടാക്കുന്ന 10% റീടെൻഷൻ തുക ഗ്രാന്റിൽ നിന്നും പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിക്കുകയും ഫൈനൽബിൽ നല്കുമ്പോൾ ഈ തുക തനത്ഫണ്ടിൽ നിന്നും നല്കുകയുമാണ് ചെയ്യേണ്ടത്. എന്നാൽ 10% റീടെൻഷൻ കുറച്ചുള്ള തുക പിൻവലിക്കുകയും ഫൈനൽബിൽ നല്കുമ്പോൾ ഈ തുകയും കൂടി ഉൾപ്പെടുത്തി ഗ്രാന്റിൽ നിന്നും പിൻവലിക്കുകയുമാണ് ചെയ്തു വരുന്നത്. പാർട്ട് ബില്ലിനോടൊപ്പം തന്നെ 10% റീടെൻഷൻ തുക ഗ്രാന്റിൽ നിന്നും പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിക്കുകയാണെങ്കിൽ പ്രസ്തുത ചെലവിന് തൻവർഷത്തെ വികസനഫണ്ട് വിഹിതം ഉപയോഗിക്കുന്നത് ഒഴിവാക്കാനാവും. ഉദാഹരണം ചുവടെ ചേർക്കുന്നു.

2017-18 ൽ പാർട്ട്ബിൽ നല്കിയതും 2018-19 ൽ സ്പിൽഓവർ ആയതുമായ ശ്മശാനം പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ പാർട്ട്ബിൽ തയ്യാറാക്കിയപ്പോൾ വേലമൂല്യം 399160/- രൂപയാണ്. 10% റീടെൻഷൻ തുക 39916/- കുറച്ചുള്ള തുകയായ 359244/-രൂപ മാത്രമാണ് 2017-18 ൽ പിൻവലിച്ചിട്ടുള്ളത്. 2018-19 ഫൈനൽബില്ലിനൊപ്പം ഈ തുക നല്കുമ്പോൾ ആ വർഷത്തെ വികസന പ്രവർത്തനത്തിനുള്ള തുകയിൽ നിന്ന് 39916/-രൂപ കണ്ടെത്തേണ്ടി വരും. പഞ്ചായത്തിന് നഷ്ടം വരും വിധം റീടെൻഷൻ തുക പാർട്ട് ബില്ലിനൊപ്പം പിൻ വലിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

## **3-6** <u>വനിതകൾക്ക് ആട് വിതരണം-ഗുണഭോക്താവ് ആവശ്യപ്പെട്ടതിലും അധിക തുക നൽകി</u>

വെറ്റിനറി സർജൻ നടപ്പാക്കിയവനിതകൾക്ക് ആട് വിതരണം എന്ന പദ്ധതിയിൽ ഗുണഭോക്താക്കൾ ആവശ്യപ്പെട്ടതിലും അധിക തുക നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നം.62/18 എസ്.സി.വനിതകൾക്ക് ആട് വിതരണം എന്ന പദ്ധതിയിൽ ആശാരവി എന്ന ഗുണഭോക്താവിന്(വാർഡ് നം.3) ആടിനെ വിറ്റ മണികുഞ്ഞ് മോൻ എന്ന വ്യക്തി 27.02.2018 ൽ നൽകിയിരിക്കുന്ന വൗച്ചറിൽ ആടിനെ വിറ്റ വകയിൽ എനിക്ക് ലഭിക്കാനുള്ള 12,000 രൂപയിൽ സബ്സിഡി ഇനത്തിൽ ലഭിക്കാനുള്ള 8,000 രൂപ അനുവദിച്ച് നൽകണമെന്ന് അപേക്ഷിച്ചിരിക്കെ 23.03.18 ലെ ബിൽ നം.24 പ്രകാരം 12,000 രൂപയാണ് മണികുഞ്ഞ് മോന് 67272267230 എന്ന നമ്പർ അക്കൗണ്ടിലേയ്ക്ക് നൽകിയിരിക്കുന്നത് കൈപ്പറ്റ് രസീതിലും 8,000 ആണ് കൈപ്പറ്റിയതായി രേഖപ്പെടുത്തിയിരിക്കുന്നത്. ആശാ രവി എന്ന ഗുണഭോക്താവും 8,000 ആണ് നൽകാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

2) ബിജിരാജൻ എന്ന ഗുണഭോക്താവിന് (വാർഡ് നം.10) ആടിനെ വിറ്റ മിനി മോഹൻ എന്ന വ്യക്തി

19.12.2017 ൽ നൽകിയിരിക്കുന്ന വൗച്ചറിൽ ആടിനെ വിറ്റ വകയിൽ എനിക്ക് ലഭിക്കാനുള്ള 20,000 രൂപയിൽ സബ്സിഡി ഇനത്തിൽ ലഭിക്കാനുള്ള 10,000 രൂപ അനുവദിച്ച് നൽകണമെന്ന് അപേക്ഷിച്ചിരിക്കെ 08.02.18 ലെ ബിൽ നം.16 പ്രകാരം 12,000 രൂപയാണ് മിനി മോഹന് നൽകിയിരിക്കുന്നത്. കൈപ്പറ്റ് രസീതിൽ 8,000 ആണ് കൈപ്പറ്റിയതായി രേഖപ്പെടുത്തിയിരിക്കുന്നത്. അക്കൗണ്ട് നമ്പർ രേഖപ്പെടുത്തപ്പെടുന്ന ട്രഷറി ബില്ലിന്റെ ഭാഗം ഫയലിൽ ലഭ്യമല്ല ബിജിരാജൻ എന്ന ഗുണഭോക്താവും 10,000 ആണ് നൽകാൻ ആവശ്യപ്പെട്ടിരിക്കുന്നത്. ഗുണഭോക്താവ് ആവശ്യപ്പെട്ടതിലും അധിക തുക നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ ട്രഷറിയിൽ നിന്നും ബില്ല് മാറിയതിന്റെ ഓഫീസ് പകർപ്പ് പൂർണ്ണമായി ഫയലിൽ സൂക്ഷിക്കാത്തതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ്നം 5ന് തീയതി 22.03.19ന് മറുപടിയായി 12,000 രൂപ ധനസഹായം നൽകിയതിന്റെ വിശദാംശങ്ങളാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയത്. ധനസഹായത്തിനായുള്ള അപേക്ഷയിലും കൈപ്പറ്റ് രസീതിലും വ്യത്യസ്ത തുകകൾ രേഖപ്പെടുത്തിയിരിക്കുന്നതിന് സാങ്കേതിക കാരണം ലഭ്യമാക്കിയില്ല. ആയതിനാൽ മറുപടി സ്വീകാര്യമല്ല. അധികം നൽകിയതുക തിരികെ ഈടാക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണ്ട് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

പഞ്ചായത്തിന് 2017-18 വർഷം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വിശദാംശവും 31.03.2018 വരെയുള്ള ഫണ്ട് വിനിയോഗവും ചുവടെ ചേർത്തിരിക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക(രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 17.10.2017 | 1,50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 0 | 1,50,000 |
| ബ്ലോക്ക് പഞ്ചായത്ത് | 17.10.2017 | 3,00,000 | പാലിയേറ്റീവ് കെയർ യൂണിറ്റ് | 2,77,582 | 22,418 |
| ബ്ലോക്ക് പഞ്ചായത്ത് | 17.10.2017 | 1,00,000 | മിൽക്ക് ഇൻസന്റീവ് | 1,00,000 | -- |
| ബ്ലോക്ക് പഞ്ചായത്ത് | 17.10.2017 | 2,50,000 | ഗുരുമന്ദിരം ക്ലബ്ബ് റോഡ് മെയിന്റനൻസ് | 2,50,000 | -- |
| ബ്ലോക്ക് പഞ്ചായത്ത് | 17.10.2017 | 1,00,000 | അങ്കണവാടി പോഷകാഹാരം | 1,00,000 | -- |
| ബ്ലോക്ക് പഞ്ചായത്ത് | 17.10.2017 | 1,50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 1,42,837 | 7,143 |
| ബ്ലോക്ക് പഞ്ചായത്ത് | 17.10.2017 | 14,00,000 | ലൈഫ് ഭവനം (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 14,00,000 | -- |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | മുൻകൂർ നൽകിയ തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഭൂജലവകുപ്പ് | 74,400 | പ്ലാപ്പള്ളി ടോപ്പ് എസ്.റ്റി കോളനി കുഴൽക്കിണർ നിർമ്മാണം | 0 | 74,400 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ഇനത്തിൽ വരവോ തിരിച്ചടവോ ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമ പഞ്ചായത്തിന് സ്ഥിരനിക്ഷേപം ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്/സർചാർജ് നടപടികളില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | 7,44,80,647 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,68,57,048 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7,408 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,11,392 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 7,408/- | ശ്രീമതി അന്നമ്മ ജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 14,11,392/- | ശ്രീമതി അന്നമ്മ ജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി അന്നമ്മ ജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചിറക്കടവ് ഗ്രാമപഞ്ചായത്ത് | പേഴത്തുവയലിൽ, കുട്ടിക്കൽ പി.ഒ., നാരകംപുഴ-686514 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 97-98 ചെലവ് | എൽ.എഫ്.കെ.പി.13/623(1)അദാലത്ത്/14/28.11.14 | 1 | |
| 97-98 വരവ് | എൽ.എഫ്.കെ.പി.13/623(1)അദാലത്ത്/14/28.11.14 | 1 | |
| 98-99 ചെലവ് | എൽ.എഫ്.കെ.പി.13/623(2)അദാലത്ത്/14/23.12.14 | 1 | |
| 98-99 വരവ് | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 20.2.18 | റിപ്പോർട്ട് തീർപ്പാക്കി | |
| 1999-00 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 202(2)18/20.2.18 | 2 | |
| 2000-01 | കെ.എസ്.എ-കെ.ടിഎം.പി.11/അദാ/18/202(3)/ 20.02.18 | 4 | |
| 2001-02 | കെ.എസ്.എ-കെ.ടി.എം.പി.11/അദാ/18/202(4)/ 20.02.18 | 8 | |
| 2002-03 ചെലവ് | എൽ.എഫ്.കെ.പി9/812/06/27.1.07 | 3 | |
| 2002-03 വരവ് | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 202(5)/18/20.2.18 | 23 | |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/ 18/202(6)/18/20.2.18 | 3 | |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/ 18/202(7)/18/20.2.18 | 4 | |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ | 4 | |

| | | | |
|---|---|---|---|
| | 202(8)/18/20.2.18 | | |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 202(9)18/20.2.18 | 6 | |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 202(10)18/20.2.18 | 4 | |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 202(11)18/20.2.18 | റിപ്പോർട്ട് തീർപ്പാക്കി | |
| 2009-10, 10-11 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 202(12)18/20.2.18 | 3 | |
| 2011-12, 12-13 | കെ.എസ്.എ-കെ.ടി.എം.പി.13/589/15/23.08.16 | 13 | |
| 2013-14 2014-15 | കെ.എസ്.എ-കെ.ടി.എം.പി.13/846/2016/01.06.17 | 3 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.13/1726/16/31.08.17 | 18 | |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.11/1515/17/ 05.01.18 | 9 | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി**11-319/2019** കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: **04812564886**
ഇ-മെയിൽ: **doktm.ksad@kerala.gov.in**
തീയതി:**17.04.2019**

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷികധനകാര്യപത്രിക, വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം